LIBRARY ARCHIVES Kerala Legislative Assembly

വൃക്കമാറിവെക്കൽ ശസ്ത്രക്രിയ

* 122 [124] ശ്രീ. സി കെ. ചക്രപാണി:
,, ഇ. പത്മനാഭൻ:
,, എ. കെ. പത്മനാഭൻ:
,, എം. വി. രാഘവൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ആശുപത്രികളിൽ വൃക്ക മാറിവെക്കൽ ശസ്ത്രക്രിയ നടത്തുന്നുണ്ട്;

(ബി) ഈ ശസ്ത്രക്രിയക്കുമുൻപ് ആവശ്യമായ പരിശോധനകൾക്ക് ഉള്ള ശാസ്ത്രീയ സാങ്കേതിക സംവിധാനങ്ങൾ ഇവിടെ ഉണ്ടോ;

(സി) ഈ ശസ്ത്രക്രിയക്കാവശ്യമായ ശാസ്ത്രീയ സംവിധാനങ്ങളുടെയും ഉപകരണങ്ങളുടെയും ലഭ്യതയും കാര്യക്ഷമതയും പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ഡി) ഇത്തരം ശസ്ത്രക്രിയകൾ നടത്തുവാൻ ആവശ്യമായ അത്യാധുനിക സജ്ജീകരണങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രികളിലെങ്കിലും ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാത്രം ഈ ശസ്ത്രക്രിയ നടത്തുന്നുണ്ട്.

(ബി) ടിഷ്യു ടൈപ്പിനുവേണ്ടിയുള്ള ഇമ്മ്യൂണോളജി ലാബും, ഡയാലിസിസിനുള്ള വൃക്ക ക്രോസ്മാച്ചിങ്ങിനുള്ള സൗകര്യങ്ങളുമൊഴികെ ശസ്ത്രക്രിയക്ക് ആവശ്യമായ മറ്റു സംവിധാനങ്ങളൊക്കെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലുണ്ട്.

(സി) ശസ്ത്രക്രിയക്കാവശ്യമായ ഉപകരണങ്ങളുടെയും സജ്ജീകരണങ്ങളുടെയും കാര്യക്ഷമത പരിശോധനാവിധേയമാക്കിയിട്ടുണ്ട്.

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഇപ്പോൾതന്നെയുണ്ട്.

ഗിരിജന ഭൂമി വീണ്ടെടുക്കൽ നിയമം

* 123 [125] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1975-ൽ ഗിരിജന ഭൂമി വീണ്ടെടുക്കൽ നിയമം പ്രാബല്യത്തിൽ വരുമ്പോൾ 1960 മുതൽ അന്യാധീനപ്പെട്ടുപോയ ഭൂമി ഗിരിജന ഭൂവുടമകൾക്ക് തിരികെ കിട്ടുമെന്ന വ്യവസ്ഥ 1982 മുതൽ എന്നാക്കി മാറിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വ്യവസ്ഥ 1982 എന്നാക്കി മാറി എന്നാണുത്തരവായത്;

(സി) 1960 മുതൽ വ്യവസ്ഥ നടപ്പിലാക്കുകയാണെങ്കിൽ ഗിരിജനങ്ങൾക്ക് എത്ര ഭൂമി തിരിച്ച് കിട്ടും;

(ഡി) 1982 ആക്കി മാറ്റുന്നതുമൂലം ഗിരിജനങ്ങൾക്ക് എത്ര നഷ്ടപ്പെടും;

(ഇ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഗിരിജനങ്ങൾ തിങ്ങി പാർക്കുന്നത്; 1960 മുതൽ 1986 മേയ് വരെ എത്ര ഹെക്ടർ ഭൂമി ഗിരിജനങ്ങളിൽനിന്ന് മറ്റുള്ളവർ വാങ്ങിയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഗിരിജനങ്ങളെ രക്ഷിക്കാൻ വേണ്ടി 1960 മുതൽ പ്രാബല്യം കൊടുത്ത് നടപ്പിലാക്കിയ നിയമം 1982 ആക്കി മാറ്റിയ ഉത്തരവ് റദ്ദാക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) ഇല്ല. 1-1-1960-നും കേരള ഗിരിജന ഭൂമി വീണ്ടെടുക്കൽ നിയമം നിലവിൽവരുന്ന തീയതിക്കുമിടക്ക് ഒരു ഗിരിജൻ മറ്റൊരു ഗിരിജനൊഴികെ മറ്റാർക്കെങ്കിലും ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഭൂമി ഗിരിജന ഉടമയ്ക്ക് തിരികെ ലഭിക്കുമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. 24-1-1986-ൽ പുറപ്പെടുവിച്ച 89-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസ്തുത നിയമം 1-1-1982 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം മാത്രമാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്.

(സി) കണക്ക് എടുത്തിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വയനാട്, ഇടുക്കി, പാലക്കാട്, കാസർകോഡ്, കോട്ടയം, കണ്ണൂർ, തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലകളിലാണ് ഗിരിവർഗ്ഗക്കാർ കൂടുതലുള്ളത്. 1960 മുതൽ 1986 മേയ് വരെ ഗിരിവർഗ്ഗക്കാരിൽനിന്ന് മാറുള്ളവർ വാങ്ങിയ ഭൂമിയുടെ കണക്ക് എടുത്തിട്ടില്ല.

(എഫ്) എ,ബി വിഭാഗങ്ങളുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

മൽസ്യ ബന്ധന തുറമുഖങ്ങൾ

* 124 [126] ശ്രീ. പി. കെ. കെ. ബാവ:
,, എം. പി. എം. ഇസ്ഹാക്ക്കുരിക്കൾ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, എ.വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മൽസ്യബന്ധന തുറമുഖങ്ങൾ ഉണ്ട്;

(ബി) ഈ മൽസ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനു വേണ്ടി എന്തെങ്കിലും നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly